പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1836 05.02.2019-ലെ മറുപടിക്ക്

## റാന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ പ്രളയാനന്തര സ്ഥിതി

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയത്തിൽ മുങ്ങിയ റാന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ഇതേവരെ പൂർണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റാന്നി ഓപ്പറേറ്റിംഗ് സെന്ററിലെ സർവ്വീസ് ഓപ്പറേഷൻ പൂർണ്ണ നിലയിൽ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മെക്കാനിക്കൽ വിഭാഗത്തിൽ ഉണ്ടായിരുന്ന വെൽഡിംഗ് മെഷീൻ അടക്കമുള്ളവ തിരികെ നൽകാത്തതിനാൽ നിസാര അറ്റകുറ്റപ്പണികൾക്കു പോലും പത്തനംതിട്ടയിലേക്ക് പോകേണ്ടിവരുന്നതു മൂലം ധനനഷ്ടവും സമയനഷ്ടവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെൽഡിംഗ് മെഷീൻ അടക്കം മെക്കാനിക്കൽ വിഭാഗത്തിനുണ്ടായിരുന്ന മുഴുവൻ ഉപകരണങ്ങളും അറ്റകുറ്റപ്പണി നടത്തി തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | വെൽഡിംഗ് മെഷീൻ ഉൾപ്പടെ എല്ലാ മെഷീനുകളും തിരികെ നൽകിയിട്ടുണ്ട്. |
| (സി) | കണ്ടക്ടർമാരുടെ കുറവുമൂലം പല ദിവസങ്ങളിലും ഷെഡ്യൂളുകൾ നടത്താനാവാത്ത സ്ഥിതി വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പത്തനംതിട്ട ഡിപ്പോയിൽ സ്റ്റാൻഡ്ബൈ ആയി കണ്ടക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ ഉള്ളപ്പോഴാണ് റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ ജീവനക്കാരില്ലാതെ സർവ്വീസ് മുടങ്ങുന്നതെന്ന സാഹചര്യത്തിൽ റാന്നിയിലേക്ക് കൂടുതൽ പേരെ വിട്ടുനൽകി സർവ്വീസുകൾ മുടങ്ങാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട ഡിപ്പോയിൽ നിന്നും 4 കണ്ടക്ടർമാരെ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നൽകിയിട്ടുണ്ട്. പത്തനംതിട്ട ഡിപ്പോയിലെ സർവ്വീസ് മുടങ്ങുമെന്നുള്ളതിനാൽ കൂടുതൽ കണ്ടക്ടർമാരെ റാന്നി യൂണിറ്റിലേക്ക് വിട്ടു നൽകാൻ സാധിക്കുകയില്ല. |

| | | | |
|---|---|---|---|
| (ഡി) | റാന്നി ഓപ്പറേറ്റിംഗ് സെന്ററിന് ആവശ്യപ്പെട്ടിരിക്കുന്ന പുതിയ സർവ്വീസുകളും അവയ്ക്കുള്ള ബസ്സുകളും ജീവനക്കാരേയും നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | കൂടുതൽ മേഖലകളിലേയ്ക്കും ദേശസാൽകൃത റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ റൂട്ടുകളിൽ വിശദമായ സാദ്ധ്യതാപഠനം നടത്തി യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരവും കോർപ്പറേഷന് സാമ്പത്തികമായി ഗുണകരമാകുന്നതുമായ രീതിയിൽ മാത്രമേ പുതിയ സർവ്വീസുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ബസ് സർവ്വീസ് ആരംഭിയ്ക്കുന്നെങ്കിൽ അതിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**